(ഡി) ചേർപ്പ് ഗവൺമെന്റ് വി.എച്ച്.എസ്. ഹൈസ്കൂളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(ബി) ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(സി) ലഭിച്ചിട്ടില്ല.

(ഡി) അപേക്ഷ ലഭിക്കുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രീ-പ്രൈമറി ബിൽ അവതരിപ്പിക്കാൻ നടപടി

117 (1250) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന എത്ര പ്രീ-പ്രൈമറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രീ-പ്രൈമറിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രീ-പ്രൈമറി ബിൽ അവതരിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ഇ) പുതിയ സാമ്പത്തിക വർഷത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി നിശ്ചിത തുക ബഡ്ജറ്റിൽ വക കൊള്ളിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 250 സ്കൂളുകളിൽ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണ്. സെലക്ട് കമ്മിറ്റി പൊതുജനാഭിപ്രായം സ്വരൂപിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) പ്രീ-പ്രൈമറി വിദ്യാഭ്യാസ ചെലവുകൾ മുഴുവനും അതാതു സ്കൂളിലെ പി.ടി.എ. ആണ് നിർവഹിക്കുന്നത്.

ഹയർ സെക്കന്ററി സ്കൂളുകളിലെ എൽ.പി. വിഭാഗം വേർപെടുത്താൻ നടപടി

118 (1251) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗം വേർപെടുത്തി അതിന്റെ നിയന്ത്രണം മറ്റൊരു പ്രധാന അദ്ധ്യാപകന്റെ നിയന്ത്രണത്തിലാക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് പി.റ്റി.എ. നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ ആവശ്യം സംബന്ധിച്ച് നിവേദനമൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല, താലൂക്ക് തിരിച്ചുള്ള കണക്ക്

119 (1252) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്ളസ് ടൂ കോഴ്സുകൾ എന്നിവയുടെ ജില്ല, താലൂക്ക് എന്നിവ തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ ;

(ബി) 2000-2001 സാമ്പത്തിക വർഷം പുതിയ പ്ളസ് ടൂ സ്കൂളുകളും സാങ്കേതിക കോളേജുകളും ആരംഭിക്കുവാൻ അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. എവിടെയെല്ലാമെന്ന് തീരുമാനിച്ചിട്ടില്ല.

പ്ളസ്ടൂ അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾ

120 (1253) ശ്രീ. ജോർജ് ജെ. മാത്യു :
ഡോക്ടർ എം.എ. കുട്ടപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ് ടൂ അദ്ധ്യാപകരുടെ സർവ്വീസിനെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂളിന്റെ കരട് രൂപരേഖയെപ്പറ്റി ചർച്ച ചെയ്യുവാൻ ഗവൺമെന്റ് അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം 2000-ാമാണ്ടു ജനുവരിയിൽ വിളിച്ചു കൂട്ടുകയുണ്ടായോ ;

(ബി) ഈ ചർച്ചയിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(സി) ഈ ചർച്ച വിദ്യാഭ്യാസ സെക്രട്ടറി ബഹിഷ്ക്കരിച്ചുവോ ;

(ഡി) എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly